GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

Editor Farm News - Dr. V. Krishnadas

---

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 13/07/2026

1. കാർഷിക മേഖലയിലെ സമഗ്ര സംഭാവനകൾക്ക് ആദരമായി ₹5 ലക്ഷം സമ്മാനത്തുകയുള്ള 'ശ്രീ ഉമ്മൻ ചാണ്ടി സ്മാരക അവാർഡ്' പുതുതായി ഉൾപ്പെടുത്തി 2025-ലെ സംസ്ഥാന കർഷക അവാർഡുകൾക്ക് സർക്കാർ അംഗീകാരം നൽകി. ഇതോടൊപ്പം 'മട്ടുപ്പാവ് കൃഷി ചെയ്യുന്ന മികച്ച കർഷകൻ (Urban Rooftop Farmer)', 'ഉദ്യാന ശ്രേഷ്ഠ' എന്നീ രണ്ട് പുതിയ വിഭാഗങ്ങളും (₹50,000 വീതം, ഫലകം, സർട്ടിഫിക്കറ്റ്) ഉൾപ്പെടുത്തിയിട്ടുണ്ട്. ആകെ 38 വിഭാഗങ്ങളിലായാണ് ഇത്തവണ സംസ്ഥാന കർഷക അവാർഡുകൾ നൽകുന്നത്. അവാർഡുകൾക്കായുള്ള അപേക്ഷകൾ ഇന്ന് (2026 ജൂലൈ 13) വരെ ബന്ധപ്പെട്ട കൃഷിഭവനുകളിൽ സമർപ്പിക്കാം. സംസ്ഥാന കർഷക അവാർഡുകളിൽ കാർഷിക മേഖലയിലെ മികച്ച

പ്രവർത്തനം കാഴ്ചവയ്ക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനുള്ള 'സി. അച്ച്യുതമേനോൻ സ്മാരക അവാർഡ്' (₹10 ലക്ഷം), മികച്ച കൃഷിഭവനുള്ള 'വി.വി. രാഘവൻ സ്മാരക അവാർഡ്' (₹5 ലക്ഷം), 'പത്മശ്രീ കെ. വിശ്വനാഥൻ മെമ്മോറിയൽ നെൽക്കതിർ അവാർഡ്' (₹3 ലക്ഷം), 'സിബി കല്ലിങ്കൽ സ്മാരക കർഷകോത്തമ അവാർഡ്' (₹2 ലക്ഷം), 'കേരകേസരി' (₹2 ലക്ഷം), പൈതൃക കൃഷി/വിത്ത് സംരക്ഷണ പ്രവർത്തനങ്ങൾ നടത്തുന്ന ആദിവാസി ഉന്നതി/വ്യക്തി/ സംഘത്തിനുള്ള അവാർഡ് (₹2 ലക്ഷം), മികച്ച ജൈവ കർഷകൻ (₹2 ലക്ഷം) എന്നിവയുൾപ്പെടെ വിവിധ വിഭാഗങ്ങളിലായി അംഗീകാരങ്ങൾ നൽകും. അവാർഡുകൾ 2026 ഓഗസ്റ്റ് 17-ന് നടക്കുന്ന സംസ്ഥാന കർഷകദിനാഘോഷ ചടങ്ങിൽ വിതരണം ചെയ്യും. അപേക്ഷാ ഫോറങ്ങളും കൂടുതൽ വിവരങ്ങളും ബന്ധപ്പെട്ട കൃഷിഭവനുകളിൽ ലഭിക്കും. കൂടുതൽ വിവരങ്ങൾക്ക് www.keralaagriculture.gov.in സന്ദർശിക്കാം.

2. സംസ്ഥാന കൃഷി വികസന-കർഷക ക്ഷേമ വകുപ്പ് 2025-ലെ സംസ്ഥാന കർഷക അവാർഡുകളുടെ ഭാഗമായി മാധ്യമരംഗത്തെ മികവിന് നൽകുന്ന 'കർഷക ഭാരതി' അവാർഡിന് അപേക്ഷ ക്ഷണിച്ചു. മലയാള ഭാഷയിലൂടെ കാർഷിക മേഖലയ്ക്ക് വിലപ്പെട്ട സംഭാവനകൾ നൽകിയ മികച്ച ഫാം ജേർണലിസ്റ്റുകളെയാണ് അവാർഡിന്

പരിഗണിക്കുന്നത്. വ്യക്തികളുടെ അപേക്ഷകൾ മാത്രമേ സ്വീകരിക്കുകയുള്ളൂ. ഗവേഷണ പ്രസിദ്ധീകരണങ്ങൾ പരിഗണിക്കില്ല. അച്ചടി മാധ്യമം, ദൃശ്യ മാധ്യമം, നവമാധ്യമം എന്നീ മൂന്ന് വിഭാഗങ്ങളിലായാണ് കർഷക ഭാരതി അവാർഡുകൾ നൽകുന്നത്. ഓരോ വിഭാഗത്തിലും വിജയിക്കുന്നവർക്ക് ₹50,000 ക്യാഷ് അവാർഡ്, ഫലകം, സർട്ടിഫിക്കറ്റ് എന്നിവ ലഭിക്കും. അവാർഡ് വിജ്ഞാപന തീയതി മുതൽ പിന്നോട്ടുള്ള ഒരു വർഷക്കാലയളവിലെ മാധ്യമപ്രവർത്തന മികവാണ് വിലയിരുത്തുക. അപേക്ഷാ ഫോറവും വിശദമായ മാർഗനിർദേശങ്ങളും www.keralaagriculture.gov.in എന്ന കൃഷിവകുപ്പ് വെബ്സൈറ്റിലും www.fibkerala.gov.in എന്ന വെബ്സൈറ്റിലും ലഭ്യമാണ്. അപേക്ഷകൾ ലഭിക്കേണ്ട അവസാന "തീയതി 2026 ജൂലൈ 14". അപേക്ഷകൾ പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ, ഫാം ഇൻഫർമേഷൻ ബ്യൂറോ, കവടിയാർ, തിരുവനന്തപുരം - 695003 എന്ന വിലാസത്തിൽ അയയ്ക്കണം. കവറിന് പുറത്ത് 'കർഷക ഭാരതി അവാർഡ് 2025 - (വിഭാഗത്തിന്റെ പേര്)' എന്ന് വ്യക്തമായി രേഖപ്പെടുത്തണം.

3. കാർഷിക പ്രവർത്തനങ്ങൾ കൂടുതൽ യന്ത്രവൽക്കരിക്കുന്നതിനായി കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സംയുക്ത ധനസഹായത്തോടെ സബ് മിഷൻ ഓൺ അഗ്രികൾച്ചറൽ

മെക്കനൈസേഷൻ (SMAM) പദ്ധതി നടപ്പിലാക്കി വരുന്നു. കർഷകർക്ക് ആധുനിക കാർഷിക യന്ത്രങ്ങളും ഉപകരണങ്ങളും സബ്സിഡിയോടെ ലഭ്യമാക്കുകയും ഗ്രാമീണ മേഖലയിൽ ഗുണമേന്മയുള്ള കാർഷിക യന്ത്രസേവനങ്ങൾ സമയബന്ധിതമായും ചെലവ് കുറഞ്ഞ രീതിയിലും ഉറപ്പാക്കുകയും ചെയ്യുക എന്നതാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം. 2026-27 സാമ്പത്തിക വർഷത്തിൽ കസ്റ്റം ഹയറിംഗ് സെന്റർ (CHC), ഫാം മെഷിനറി ബാങ്ക് (FMB) എന്നീ ഘടകങ്ങളിലേക്കുള്ള ഓൺലൈൻ അപേക്ഷകൾ 2026 ജൂലൈ 15-ന് രാവിലെ 11.00 മണി മുതൽ കേന്ദ്ര സർക്കാർ പോർട്ടൽ ആയ Agrimachinery Portal (https://agrimachinery.nic.in/index/level) മുഖേന സ്വീകരിക്കുന്നതാണ്. പദ്ധതിയെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്കും ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്നതിനുള്ള സഹായങ്ങൾക്കും ജില്ലയിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (കൃഷി) ഓഫീസുമായോ, എക്സിക്യൂട്ടീവ് എഞ്ചിനീയർ (കൃഷി), ആലപ്പുഴ / കോഴിക്കോട് ഓഫീസുകളുമായോ, സമീപത്തെ കൃഷിഭവനുമായോ ബന്ധപ്പെടാവുന്നതാണ്. ബന്ധപ്പെടേണ്ട ഫോൺ നമ്പറുകൾ: 0495-2725354, 0477-2266084, 0471-2306748. ഇ-മെയിൽ: smamkerala@gmail.com

4. കേരളത്തിലെ കാർഷിക മേഖലയെ സാങ്കേതികവിദ്യയുടെ കരുത്തിലൂടെ കൂടുതൽ ഉൽപ്പാദന ക്ഷമവും കാലാവസ്ഥാ പ്രതിരോധ

ശേഷിയുള്ളതുമാക്കാൻ ലക്ഷ്യമിട്ട് കേരള സ്റ്റാർട്ടപ്മിഷൻ നടപ്പാക്കുന്ന അഗ്രിനെക്സ്റ്റ് പദ്ധതിക്ക് അപേക്ഷ ക്ഷണിച്ചു. ലോക ബാങ്കിന്റെ സഹകരണത്തോടെ കൃഷിവകുപ്പ് നടപ്പാക്കുന്ന കേര പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് 150 അഗ്രിടെക് സ്റ്റാർട്ടപ്പുകളെ തെരഞ്ഞെടുത്ത് സാങ്കേതിക വിദ്യകൾ കർഷകരിലേക്ക് എത്തിക്കാൻ ലക്ഷ്യമിടുന്നത്. കാർഷിക ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കൽ, കൃഷി ചെലവ് കുറയ്ക്കൽ, കാലാവസ്ഥാ വ്യതിയാനങ്ങളെ അതിജീവിക്കുന്ന കൃഷിരീതികൾ, മെച്ചപ്പെട്ട വിപണിബന്ധങ്ങൾ, വരുമാന വർധന എന്നിവയാണ് ലക്ഷ്യമിടുന്നത്. സ്റ്റാർട്ടപ്പുകൾ വികസിപ്പിക്കുന്ന നൂതന കാർഷിക പരിഹാരങ്ങൾ നേരിട്ട് കൃഷിയിടങ്ങളിൽ പരീക്ഷിക്കാനും വിപുലമായതലത്തിൽ വിന്യസിക്കാനും അവസരം നൽകുന്ന പദ്ധതിയാണിത്. തെരഞ്ഞെടുക്കപ്പെടുന്ന സ്റ്റാർട്ടപ്പുകൾക്ക് 25 ലക്ഷം രൂപ വരെ ധനസഹായം, മെന്ററിങ്, ഇൻകുബേഷൻ പിന്തുണ, കർഷക ശൃംഖലകളിലേക്കുള്ള പ്രവേശനം. ഫീൽഡ് പൈലറ്റ് അവസരങ്ങൾ എന്നിവ ലഭ്യമാക്കും. പ്രിസിഷൻ ഫാമിങ്, ഡ്രോൺ സാങ്കേതികവിദ്യ, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, സ്മാർട്ട് ഇറിഗേഷൻ, ഫാം മെക്കനൈസേഷൻ, വിള സംരക്ഷണം, സംസ്കരണവും സംഭരണവും, മൂല്യവർധിത ഉൽപ്പന്നങ്ങൾ, അഗ്രിഫിൻടെക്, കാലാവസ്ഥാ സൗഹൃദ കൃഷി തുടങ്ങിയ മേഖലകളിൽ പ്രവർത്തിക്കുന്ന സ്റ്റാർട്ടപ്പുകൾക്ക്

പദ്ധതിയിൽ പങ്കാളികളാകാം. സ്റ്റാർട്ടപ്പുകൾ https//agrinext.startupmission.in എന്ന ലിങ്കിൽ 31 നകം അപേക്ഷിക്കണം. കൂടുതൽ വിവരങ്ങൾക്ക് 9447713627 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക .

5. കേരള കാർഷിക സർവ്വകലാശാലയുടെ വിജ്ഞാന വ്യാപന വിഭാഗത്തിന് കീഴിലുള്ള തൃശ്ശൂർ മണ്ണുത്തിയിലെ കമ്മ്യൂണിക്കേഷൻ സെന്ററിൽ 35 ദിവസം പ്രായമായ BV–380 ഇനം കോഴിക്കുഞ്ഞുങ്ങൾ വിൽപ്പനയ്ക്ക് തയ്യാറായിരിക്കുന്നു. വില ഒന്നിന് 175 രൂപ. ബുക്കിങ്ങിനായി വിളിക്കേണ്ട ഫോൺ നമ്പര് : 8547070773, 0487 2370773.